**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 501**

**29/10/2019- ലെ മറുപടിക്ക്**

**കുടുംബശ്രീ, കെക്സ്കോൺ എന്നിവ വഴി താത്ക്കാലിക നിയമനങ്ങൾ**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.വി. പി.സജീന്ദ്രൻ എം.എൽ.എ** | **ഡോ. ടി.എം.തോമസ് ഐസക്**<br>**ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) | വിവിധ വകുപ്പുകളിൽ കരാർ/താല്ക്കാലിക നിയമനങ്ങൾ നടത്തുന്നതിൽ ധനകാര്യ വകുപ്പ് എന്തെങ്കിലും നിബന്ധന കൊണ്ടു വന്നിട്ടുണ്ടോ; വിശദമാക്കുക; | വിവിധ വകുപ്പുകളിൽ ദിവസവേതന/കരാർ നിയമനങ്ങൾ നടത്തുന്നതു സംബന്ധിച്ചുള്ള മാർഗ്ഗനിർദേശങ്ങൾ, ടി ജീവനക്കാർക്ക് അനുവദിക്കാവുന്ന വേതനം എന്നിവ സംബന്ധിച്ച് 26/02/2016 തീയതിയിലെ സ.ഉ (പി) നം.28/2016/ധന, 28/04/2017 തീയതിയിലെ സ.ഉ (പി) നം.56/2017/ധന, 21/07/2018 തീയതിയിലെ സ.ഉ. (പി)നം. 112/2018/ധന, സ.ഉ (പി) 81/2019/ധന തീയതി 09/07/2019 എന്നീ ഉത്തരവുകളും അംഗീകൃത തസ്തികകളിലെ താല്ക്കാലിക നിയമനം സംബന്ധിച്ച് 5/10/2019 ലെ 83/2019/ധന എന്ന സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഓഫീസ് പരിസരം വൃത്തിയാക്കൽ, സുരക്ഷാ ജോലി എന്നിവയ്ക്ക് കുടുംബശ്രീ, കെക്സ്കോൺ എന്നിവ വഴി മാത്രമേ ജീവനക്കാരെ നിയമിക്കാവൂയെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുക; | പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്ത സർക്കാർ ഓഫീസുകളിലും 100 ച.മീ-യിൽ താഴെയുള്ള ഓഫീസുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുന്നതിനു കാലതാമസം വരുന്ന സാഹചര്യങ്ങളിലും സ്വീപ്പിംഗ് ജോലിയ്ക്കായി കാഷ്വൽ സ്വീപ്പർമാരെ ഏർപ്പെടുത്തുവാൻ 25/11/2005 തിയ്യതിയിലെ സ.ഉ(പി)നം.501/2005/ധന, 09/02/2010 തിയ്യതിയിലെ സ.ഉ (പി) നം. 61/2010/ധന എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലേയും ശുചീകരണവുമായി ബന്ധപ്പെട്ട ജീവനക്കാരെ അതാതു വകുപ്പുകളുടെ മാനദണ്ഡങ്ങൾക്കനുസൃതമായി നിയമിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായും ഓഫീസും ചുറ്റുപാടുകളും വൃത്തിയായി സൂക്ഷിക്കുന്നതിനും സുരക്ഷ ഏർപ്പെടുത്തുന്നതിനുള്ള ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ചുള്ള 5/10/2019 ലെ സർക്കുലർ 84/2019/ധന സർക്കുലറിൽ എല്ലാ വകുപ്പുകളിലേയും ശുചീകരണ ജോലിയ്ക്കായും സെക്യൂരിറ്റി ജോലികൾക്കായും കുടുംബശ്രീ, കെക്സ്കോൺ എന്നീ സ്ഥാപനങ്ങളുമായി വാർഷികാടിസ്ഥാനത്തിലുള്ള സേവന കരാറിൽ ഏർപ്പെടേണ്ടതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | തസ്തികകൾ ഇല്ലാത്ത വിവിധ കമ്മീഷനുകൾ, താല്ക്കാലിക ഓഫീസുകൾ എന്നിവിടങ്ങളിൽ താല്ക്കാലിക ജീവനക്കാരെ എപ്രകാരം നിയമിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് വ്യക്തമാക്കാമോ? | ദിവസ വേതന/കരാർ ജീവനക്കാരെ 26/02/2016 തീയതിയിലെ സ.ഉ (പി) നം. 28/2016/ധന, 28/04/2017 തീയതിയിലെ സ.ഉ (പി) നം. 56/2017/ധന, 21/07/2018 തീയതിയിലെ സ.ഉ (പി) നം. 112/2018/ധന 09/07/2019 തീയതിയിലെ സ.ഉ (പി) 81/2019/ധന എന്നീ ഉത്തരവുകളിലെ നിബന്ധകൾക്കനുസൃതമായി നിയമിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്. അംഗീകൃത സ്ഥിരം തസ്തികകൾ ഇല്ലാതെയുള്ള താല്ക്കാലിക നിയമനങ്ങൾ (വിവിധ കമ്മീഷനുകൾ, താല്ക്കാലിക ഓഫീസുകൾ എന്നിവിടങ്ങളിലേയ്ക്ക്) വ്യക്തമായ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിലായിരിക്കണം എന്നു നിർദ്ദേശിച്ചു കൊണ്ട് 05/10/2019 ൽ നം. 83/2019/ധന സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട് |

**അക്കൗണ്ട്സ് ഓഫീസർ**